പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2178 07/03/2017-ൽ മറുപടിക്ക്

## ആശാ വർക്കർമാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | പാലക്കാട് ജില്ലയിൽ ഇപ്പോൾ എത്ര 'ആശാ വർക്കർമാർ' പ്രവർത്തിക്കുന്നുണ്ട്; താലൂക്ക് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | എ) | പാലക്കാട് ജില്ലയിൽ 2522 ആശാ വർക്കർമാർ പ്രവർത്തിക്കുന്നുണ്ട്. താലൂക്ക് തിരിച്ചുള്ളകണക്ക് താഴെ പറയുന്നു.<br>1 - പാലക്കാട് താലൂക്ക് - 450<br>2 - പട്ടാമ്പി താലൂക്ക് - 435<br>3 - മണ്ണാർക്കാട് താലൂക്ക് - 388<br>4 - ആലത്തൂർ താലൂക്ക് - 434<br>5 - ഒറ്റപ്പാലം താലൂക്ക് - 423<br>6 - ചിറ്റൂർ താലൂക്ക് - 392<br>**ആകെ - 2522** |
| ബി) | ആശാ വർക്കർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | ബി) | ആശമാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ മേഖലകളിൽ ആശമാരുടെ പ്രവർത്തനം ഉപയോഗിക്കുന്നതിനും അതിനായി പുതിയ ഇൻസെന്റീവുകളും നടപ്പിലാക്കി വരുന്നു. ജീവിതശൈലീരോഗ നിയന്ത്രണ പരിപാടികൾ എസ്.എൻ.സി.യു-വിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്യുന്ന കുട്ടികളുടെ പരിചരണത്തിനായുള്ള ഇൻസെന്റീവുകൾ, ശിശു മരണം റിപ്പോർട്ട് ചെയ്യുന്നതിനും, ക്യാൻസർ കണ്ടുപിടിക്കുന്നതിനും കുട്ടികളിലെ ജന്മവൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനുമെല്ലാം പുതിയ ഇൻസെന്റീവുകൾ 2017-18 ൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചുവരുന്നു. കൂടാതെ ആശമാരുടെ പ്രവർത്തനം വിലയിരുത്തിയപ്പോൾ പ്രവർത്തനത്തിൽ പുറകിലായവരെ മെച്ചപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| സി) | പ്രാദേശികമായ ആവശ്യം പരിഗണിച്ച് കൂടുതൽ ആശാ വർക്കർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | സി) | നിലവിലുള്ള ഒഴിവുകളിൽ പുതിയ ആശമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ